# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 698 07.01.2014 ൽ മറുപടിക്ക്

## ഇ-ടെണ്ടറിംഗ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ .വി.പി. സജീന്ദ്രൻ<br>ശ്രീ .പി.എ.മാധവൻ<br>ശ്രീ .ജോസഫ് വാഴക്കൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) കരാർ/ടെൻഡർ പ്രക്രിയയുടെ സുതാര്യതയും തുറന്ന മത്സരവും ടെൻഡറുകളുടെ രഹസ്യ സ്വഭാവവും കാത്തു സൂക്ഷിക്കുക, ടെൻഡർ നടപടികളിലെ കാലതാമസം ഒഴിവാക്കി സമയ ബന്ധിതമായി ടെൻഡർ പ്രക്രിയ പൂർത്തീകരിക്കുക, സർക്കാർ ചെലവ് കുറയ്ക്കുക എന്നിവയാണ് ഇ- പേയ് മെൻറ് / ഇ- പ്രൊക്യൂർമെന്റ് എന്ന കടലാസു രഹിത സംവിധാന ത്തിൻെറ പ്രധാന ലക്ഷ്യങ്ങൾ. |
| (സി) സർക്കാർ ദർഘാസുകൾ ലളിതമായും വേഗത്തിലും ഓൺ ലൈനിലൂടെ നല്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഇതിൽ ഏർ പ്പെടുത്തിയിട്ടുള്ളത് ; | (സി) സർക്കാർ ദർഘാസുകൾ ലളിതമായും വേഗത്തിലും ഓൺ ലൈനിലൂടെ നൽകുന്നതിന് ചുവടെ ചേർക്കുന്ന ക്രമീകരണങ്ങൾ ഏർ പ്പെടുത്തിയിട്ടുണ്ട്. |

- ടെൻഡറുകളുടെ രൂപീകരണം, പ്രസിദ്ധീകരണം, സമർപ്പണം എന്നിവ ഓൺലൈൻ മുഖേന ഡിജിറ്റൽ സിഗ്നേച്ചറിൻെറ സഹായത്തോടെ സാധ്യമാകുന്നു.
- 24 മണിക്കൂറും ടെൻഡർ സമർപ്പിക്കുന്നതിനുള്ള സൗകര്യം
- ഏതു സമയത്തും എവിടെ നിന്നും ടെൻഡറുകൾ സമർപ്പിക്കാനുള്ള സൗകര്യം
- ഓൺ ലൈനായി ടെൻഡർ തുറക്കുന്നതിനുള്ള സൗകര്യം
- ടെൻഡർ ഫീസ്, നിരതദ്രവ്യം എന്നിവ ഓൺലൈനിലൂടെ അടക്കാനുള്ള സംവിധാനം.
- ടെൻഡറിൽ വിജയിക്കാത്തവർക്ക് അവരുടെ നിരത ദ്രവ്യം കാലതാമസമില്ലാതെ തിരികെ നല്കുന്നതിനുള്ള സംവിധാനം.

(ഡി) ഏതെല്ലാം ഏജൻസികളാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ?

(ഡി) കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളും ഏജൻസികളും ഇ-ടെൻഡറിംഗ് സംരംഭവുമായി സഹകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ